# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. വി.ആർ. ജോഷി)

വിഷയം :- പി.സ.വി.വ - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ശ്രീ. അനിൽ.ജി-യെ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) സ.ഉ (കൈ) നമ്പർ. 01/2016/പി.സ.വി.വ തീയതി 04.03.2016
2) സ.ഉ(കൈ) നമ്പർ. 03/2016/പി.സ.വി.വ തീയതി: 04.03.2016
3) ഈ ഓഫീസിലെ 15.03.2016-ലെ ഇതേ നമ്പർ നടപടി ഉത്തരവ്.

---

ഉത്തരവ് നമ്പർ : **BCDD/A1/1080/16(1)** തീയതി: **16/03/ 2016**

---

പിന്നാക്ക സമുദായ വികസന വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവന മനുഷ്ഠിച്ചിരുന്ന, പട്ടികജാതി വികസന വകുപ്പിലെ 13 ജീവനക്കാരെ വകുപ്പിലെ സ്ഥിരം ജീവനക്കാരായി അബ്സോർബ് ചെയ്ത് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അബ്സോർബ് ചെയ്യപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 3 പ്രകാരം അംഗീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. വകുപ്പിന് പുതുതായി 6 തസ്തികകൾ കൂടി സൃഷ്ടിച്ചുകൊണ്ട് പരാമർശം 2 പ്രകാരവും ഉത്തരവായിട്ടുണ്ട്.

പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് വിജയകരമായി പൂർത്തീകരിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യവും, പൊതു താൽപര്യവും കണക്കിലെടുത്ത് നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സീനിയർ ക്ലാർക്കുമാരിൽ സീനിയർ ആയ ശ്രീ. അനിൽ.ജിയ്ക്ക് വകുപ്പ് ഡയറക്ടറേറ്റിൽ പുതുതായി അനുവദിച്ച ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 30700-65400 ശമ്പളസ്കെയിലിൽ 16.03.2016 പൂർവ്വാഹ്നം പ്രാബല്യത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ടി ജീവനക്കാരനെ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ആവശ്യമായ ചാർജ്ജ് ക്രമീകരണം നടത്തി ഉടൻ തന്നെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ശ്രീ. അനിൽ. ജി

പകർപ്പ് :
1. അഡീഷ്ണൽ ചീഫ് സെക്രട്ടറി, പി.സ.വി.വ (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ *(A&E)* (ഉപരിപത്രം സഹിതം)
3. ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം.
4. സേവന പുസ്തകത്തിലേയ്ക്ക്
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്.